**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1064** **09-10-2024 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ പദ്ധതി പ്രകാരം നൽകിയ വാട്ടർ കണക്ഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽ ജീവൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര വാട്ടർ കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നും അതിൽ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന എത്ര ഉപഭോക്താക്കൾ ഉണ്ടെന്നും ഇവർക്ക് സൗജന്യമായി നിലവിൽ കുടിവെള്ളം ലഭ്യമാക്കുന്നുണ്ടോയെന്നും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ; | (എ) | ജൽ ജീവൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് 20,39,402 വാട്ടർ കണക്ഷനുകൾ നൽകിയിട്ടുണ്ട്.<br><br>ജൽ ജീവൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് നൽകിയിട്ടുള്ള കണക്ഷനുകളിൽ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട 4,64,629 ഉപഭോക്താക്കൾ ഉണ്ട്. ഈ ഉപഭോക്താക്കളുടെ ഉപയോഗം പ്രതിമാസം 15,000 ലിറ്ററിന് താഴെയാണെങ്കിൽ അവർക്ക് കേരള വാട്ടർ അതോറിറ്റി സൗജന്യമായാണ് ജലം നൽകി വരുന്നത്. |
| (ബി) | കുടിവെള്ളം സൗജന്യമായി നൽകുന്നതിനുള്ള തുക നിലവിൽ ആരാണ് ചെലവഴിക്കുന്നതെന്നും ഇക്കാര്യത്തിൽ സർക്കാർ ധനസഹായം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ? | (ബി) | കുടിവെള്ളം സൗജന്യമായി നൽകുന്നതിനുള്ള തുക നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ ബാദ്ധ്യത ആയി നിലനിൽക്കുന്നു. BPL സബ്സിഡിയ്ക്ക് തുല്യമായ തുക ഗ്രാന്റ് അനുവദിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ